(ബി) പദ്ധതിയുടെ ഗുണഭോക്താക്കളായ മത്സ്യകർഷകർക്ക് മത്സ്യസമൃദ്ധി പ്രവർത്തനങ്ങളും പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങളും പൊതുസമൂഹത്തിന് മുമ്പിൽ വിശദീകരിക്കുന്നതിന് സാധിച്ചു. ഇത്തരത്തിൽ ഒരു വിശകലനത്തിലൂടെ ലഭ്യമായ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിലൂടെ പദ്ധതി കൂടുതൽ ഫലപ്രദമായി വീണ്ടും നടപ്പാക്കാൻ കഴിയുന്നു.

(സി) ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാകാത്തതിനാൽ ജില്ലയിൽനിന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല.

മത്സ്യമാർക്കറ്റ് നവീകരണം

103 (4438) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര മത്സ്യ മാർക്കറ്റുകൾ ഈ വർഷം നവീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ; ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ നൽകാമോ ;

(ബി) മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന്റെ ഫണ്ടിംഗ് ഏതൊക്കെ ഏജൻസിയാണ് നൽകുന്നത് എന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

(സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയാണ് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതി വരെ ദേശീയ മത്സ്യ വികസന ബോർഡിന്റെ 90 ശതമാനം ധനസഹായവും സംസ്ഥാന സർക്കാരിന്റെ 10 ശതമാനം ധനസഹായവും നൽകിയിരുന്നു. എന്നാൽ അതിനുശേഷം ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായം 40 ശതമാനമായി കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly